# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2886** **10.03.2017-ൽ മറുപടിയ്ക്ക്**

**മാങ്കാംകുഴി മത്സ്യ മാർക്കറ്റ് നവീകരണം**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ മാങ്കാംകുഴി മത്സ്യ മാർക്കറ്റ് നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കമോ; | എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് നവീകരണത്തിനായുള്ള പദ്ധതി KIIFB യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടു ണ്ട്. |
| ബി) പ്രസ്തുത മാർക്കറ്റ് നവീകരണത്തിന് അനുവദിച്ച തുകയുടെയും തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) മാങ്കാംകുഴി മത്സ്യമാർക്കറ്റ് നവീകരണത്തിനായി 227.00 ലക്ഷം രൂപയുടെ പദ്ധതിയാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. നിലവിൽ മാർക്കറ്റ് പരിസരത്ത് നിലനിൽക്കുന്ന 3 പഴകിയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി, 2 പുതിയ മാർക്കറ്റ് കെട്ടിടം പണി കഴിപ്പിക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. 64.26 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ നിർമ്മിക്കുന്ന ഇരുനില കെട്ടിടത്തിന്റെ താഴെയും മുകളിലുമായി 20 കടമുറികളും ആവശ്യാനുസരണം ടോയ്‌ലറ്റുകളും ഉൾപ്പെടുത്തിയിട്ടു ണ്ട്. |

**സെക്ഷൻ ആഫീസർ**